കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പള്ളിക്കര ഗ്രാമ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2017-18

## ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്

e-mail: doksd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട് സഹിതം)

നം.കെ.എസ്.എ.കെ.എസ്.ഡി-8/1304/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
പിൻ -671123, ഫോൺ നം.04994256690
ഇ.മെയിൽ – doksd.ksad@kerala.gov.in
തീയതി. 07.12.2018

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , കാസറഗോഡ്

പ്രസിഡന്റ് ,(സെക്രട്ടറി മുഖേന)

പള്ളിക്കര ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : പള്ളിക്കര ഗ്രാമപഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പള്ളിക്കര ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ, തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് ഓൺലൈനായി അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

പകർപ്പ് :
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഇ-മെയിൽ മുഖാന്തിരം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്.
3)കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.കെ.എസ്.ഡി 8/1304/2018 തിയ്യതി:07.12.2018

## കാസർഗോഡ് ജില്ലയിലെ പള്ളിക്കര ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

*****

കാസർഗോഡ് ജില്ലയിലെ പള്ളിക്കര ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01-04-2017 മുതൽ 31-03-2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 2 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

<u>ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. മഹേഷ.ബി, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 08-10-2018 മുതൽ 17-10-2018വരെ |

<u>ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ</u>

| | |
|---|---|
| ശ്രീ. വിനോദ് കുമാർ.സി | ഓഡിറ്റ് ഓഫീസർ |
| ശ്രീ. യാദവകുമാര.സി.എച്ച് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.തോമസ്.കെ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. ബാബു.എം | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ.ജനാർദ്ദനൻ | സീനിയർ ഗ്രേഡ് ഓഡിറ്റർ |

<u>നിർവഹണാധികാരികൾ</u>

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.പി.ഇന്ദിര | 01-04-2017മുതൽ 31-03-2018 വരെ |
| സെക്രട്ടറി | ശ്രീ.ബി.വിജയഭാനു | 01-04-2017മുതൽ 30-06-2017 വരെ |
| | ശ്രീ.ജയൻ.പി | 01-07-2017മുതൽ 31.03.2018വരെ |

നിർവഹണ ഉദ്യോഗസ്ഥർ

| ക്രമ. നം | ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|---|
| 1 | അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.കുഞ്ഞിനാരായണൻസി.പി. | 01.04.2017 മുതൽ28.02.2018 വരെ |
| | | ശ്രീ.മോഹനൻ.എൻ | 28.02.2018 മുതൽ 31.03.2018 വരെ |
| 2 | അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ.വൈശാഖ്.ബി | 01.04.2017 മുതൽ 10.04.2017FN വരെ |
| | | ശ്രീ.സന്ദീപ്ചന്ദ്രൻ.സി | 10.04.2017 മുതൽ 30.06.2017 വരെ |
| | | ശ്രീ.വൈശാഖ്.ബി | 01.07.2017 മുതൽ 31.03.2018വരെ |
| 3 | കൃഷി ഓഫീസർ | ശ്രീ.കെ.വേണുഗോപാൽ | 01.04.2017 മുതൽ 31.03.2018 വരെ |
| 4 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.ബിന്ദു.കെ.കെ | 01.01.2017 മുതൽ 31.03.2018 |
| 5 | വി.ഇ.ഒ | ശ്രീ.രാജേന്ദ്രൻ എ.കെ | 01.04.2017 മുതൽ 31.03.2018 വരെ |
| 6 | പ്രധാനാധ്യാപകൻ | ശ്രീ.അബ്ദുൾഖാദർ.കെ.പി | 01.04.2017 മുതൽ 31.03.2018 വരെ |
| 7 | വെറ്റിനറി സർജ്ജൻ | ഡോ.ദിയ | 01.04.2017 മുതൽ 31.03.2018 വരെ |
| 8 | മെഡിക്കൽ ഓഫീസർ അലോപ്പതി | ഡോ.സലാഹ് അബ്ദുൾ റഹിമാൻ | 01.04.2017 മുതൽ 31.03.2018 വരെ |
| 9 | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | ഡോ.വിശ്വനാഥ.കെ | 01.04.2017 മുതൽ 19.07.2017 വരെ |
| | | ഡോ.ബിന്ദു.കെ | 20.07.2017 മുതൽ 31.03.2018 വരെ |
| 10 | മെഡിക്കൽ ഓഫീസർ ഹോമിയോ | ഡോ.ഉണ്ണികൃഷ്ണൻ.ജി | 01.04.2017 മുതൽ 30.06.2017 വരെ |
| | | ഡോ.രേഷ്മ.എ.കെ | 01.07.2017 മുതൽ 31.03.2018 വരെ |
| 11 | ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ.സുകുമാരൻ.കെ | 01.04.2017 മുതൽ 31.03.2018 വരെ |
| 12 | ഫിഷറീസ് സബ് | ശ്രീ.ജോസ്ബാബു | 01.04.2017 മുതൽ 31.03.2018 വരെ |

| | ഇൻസ്പെക്ടർ | | |
|---|---|---|---|

ഉള്ളടക്കം



| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| ഭാഗം I<br>ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം | | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | തനത് വരുമാനം. | 1-8 |
| 9 | ക്ഷേമ പദ്ധതികൾ | 1-9 |
| 10 | ക്യാഷ് വെരിഫിക്കേഷൻ | 1-10 |
| 11 | ആഭ്യന്തരനിയന്ത്രണം. | 1-11 |

| | | |
|---|---|---|
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-12 |
| ഭാഗം II<br>വരവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | |
| 13 | ഇ-ടെണ്ടർ -കരാറുകാർ ഓൺലൈനായി ഒടുക്കിയ ബിഡ് സമർപ്പണ ഫീസ് ഗ്രാമ പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല. | 2-2 |
| ഭാഗം III<br>ചെലവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | |
| 14 | മുൻ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ ബാദ്ധ്യത സാക്ഷ്യ പത്രം -തുടർ നടപടികൾസംബന്ധിച്ച് | 3-1 |
| 15 | പാക്കം ആയുർവേദ കേന്ദ്രത്തിനനുബന്ധമായി നിർമ്മിച്ച വയോജന വിശ്രമകേന്ദ്രം -പദ്ധതി യാഥാർത്ഥ്യമാക്കണം | 3-2 |
| 16 | ലൈഫ് ഭവന പദ്ധതി ഗുണഭോക്തൃപട്ടികയിലുള്ള ഭൂരിപക്ഷത്തിനും ആനുകൂല്യം ലഭിച്ചിട്ടില്ല. | 3-3 |
| 17 | ഗ്രാമ സഭകളിൽ ജനപങ്കാളിത്തം വർദ്ധിപ്പിക്കുവാനുതകുന്ന നടപടികൾ സ്വീകരിക്കേണ്ടതാണ്. | 3-4 |
| 18 | എസ്.എസ്.എ.വിഹിതം നൽകിയത് വിനിയോഗ വിവരം പൂർണ്ണമല്ല. | 3-5 |
| 19 | വിവിധ പദ്ധതികൾക്കായി തുക കൈമാറിയത് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. | 3-6 |
| 20 | മത്സ്യബന്ധന മേഖല- പദ്ധതി ആസൂത്രണം ഫലപ്രദമല്ല. | 3-7 |
| 21 | പഠന മുറി നിർമ്മാണം പൂർത്തീകരിക്കുവാൻ അവശേഷിക്കുന്നു. | 3-8 |
| ഭാഗം IV<br>ഓഡിറ്റ് പ്രത്യവലോകനം | | |
| 22 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് | 4-1 |
| 23 | ഡെപ്പോസിറ്റ് ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 24 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |

| | | |
|---|---|---|
| 25 | വായ്പ , വായ്പ തിരിച്ചടവ് | 4-4 |
| 26 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 27 | ഓഡിറ്റ് റിക്കവറി | 4-6 |
| 28 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 29 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 30 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 31 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |


അനുബന്ധപത്രികകൾ

1) ഓഡിറ്റ് സർട്ടിഫിക്കറ്റ്

2) ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്,

3) റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്,

4) ബാലൻസ് ഷീറ്റ്.

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 28.03.2017- ലെ 1/2017- നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ചു. ബജറ്റ് വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിത വരവ് | യഥാർത്ഥത്തിലുള്ളത് |
|---|---|---|
| മുന്നിരിപ്പ് | 27500000 | 29149378 |
| വരവ് | 254133000 | 87328444 |
| ആകെ | 281633000 | 116477822 |
| ചെലവ് | 273980000 | 107836674 |
| നീക്കിയിരിപ്പ് | 7653000 | 8641148 |

2017-18 വർഷത്തെ പുതുക്കിയ ബജറ്റ് 06.03.2018 ലെ 3/2018 നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യ പത്രിക

| സാമ്പത്തിക വർഷം | ഓഡിറ്റിന് ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|

| | | |
|---|---|---|
| 2017-18 | 31-07-2018 | 23-05-2018 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 29-06-2018 &30-06-2018 | കെ.എസ്.എ-കെ.എസ്.ഡി13/950/18 തി.10-08-2018 (ഓഡിറ്റ്സർട്ടിഫിക്കറ്റ് ഈ റിപ്പോർട്ടിന്റെ അനുബന്ധം 1.ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.) |

വാർഷിക ധനകാര്യപത്രിക പരിശോധനവേളയിൽ ശ്രദ്ധയിൽപ്പെട്ട ന്യൂനതകൾ ചുവടെ ചേർക്കുന്നു.

1) ബാലൻസ് ഷീറ്റ് B-5 ഷെഡ്യൂൾ പ്രകാരം Secured Loans തുക 1,32,80,000/- രൂപയാണ്. ഈ തുകയുടെ ആധികാരികത പരിശോധിക്കാനായി ലോൺ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2) ബാലൻസ് ഷീറ്റ് B-7 ഷെഡ്യൂൾ പ്രകാരം ഡെപ്പോസിറ്റ് റിസീവ്ഡ് തുക 4,01,695/- രൂപയാണ്. 2017-18 വർഷത്തെ ഡെപ്പോസിറ്റ് റജിസ്റ്റർ കാലികമാക്കാത്തതിനാൽ ഈ തുകയുടെ ആധികാരികത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

3) ബാലൻസ് ഷീറ്റ് B- 11ഷെഡ്യൂൾ പ്രകാരം ഫിക്സഡ് അസ്സറ്റ് തുക 7,55,65,927/- രൂപയാണ്. ഈ തുകയുടെ ആധികാരികത പരിശോധിക്കാനായി അസ്സറ്റ് രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

4) ബാലൻസ് ഷീറ്റ് B- 11(a)ഷെഡ്യൂൾ പ്രകാരം ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് തുക 3,96,250/- രൂപയാണ്. ഈ തുകയുടെ ആധികാരികത പരിശോധിക്കാനായി രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

5) വാർഷിക ധനകാര്യ പത്രികയിലെ റസീറ്റ് & പേമെന്റ് പത്രികയിൽ RP-7ഷെഡ്യൂൾ പ്രകാരം CFC വരവ് 1,03,14,270/- രൂപയാണ്, എന്നാൽ ഗ്രാമ പഞ്ചായത്തിന്റെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം വരവ് തുക 1,06,76,793/- രൂപയാണ്. വരവ് തുക പൊരുത്തപ്പെടുന്നില്ല. .

6) വാർഷിക ധനകാര്യ പത്രികയിലെ ഇൻകം& എക്സ്പെൻഡിച്ചർ പത്രിക, റസീറ്റ് & പേമെന്റ് പത്രിക എന്നിവ പ്രകാരം വസ്തുനികുതി ഇനത്തിലെ കളക്ഷൻ തുകകൾ ഗ്രാമ പഞ്ചായത്ത് കളക്ഷൻ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | കലക്ഷൻ | |
|---|---|---|
| | റജിസ്റ്റർ | AFS |
| വസ്തു നികുതി (റസി) | 23,99,500 | 25,46,893 |
| വസ്തുനികുതി (നോൺ റസി) | 30,64,505 | 27,93,095 |
| വസ്തു നികുതി കുടിശ്ശിക (റസി) | 12,76,296 | 12,22,532 |
| വസ്തുനികുതി കുടിശ്ശിക (നോൺ റസി) | 23,91,989 | 21,35,305 |

7) തൊഴിൽ നികുതി,ഡി&ഒ ലൈസൻസ്,കെട്ടിട വാടക വരവ് എന്നിവ സംബന്ധമായ ഡിമാന്റ്/കലക്ഷൻ റജിസ്റ്ററുകൾ പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ AFS ലെ തുകകളുടെ ആധികാരികത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

8) RP-40(b)- PNB അക്കൗണ്ട് നം.32931പ്രകാരം വാർഷിക ധനകാര്യ പത്രികയിലെ നീക്കിയിരിപ്പ് തുക 29,58,447/- രൂപയാണ്. ബാങ്ക് പാസ്സ് ബുക്ക് പ്രകാരം നീക്കിയിരിപ്പ് തുക 30,83,003/- രൂപയാണ്. വ്യത്യാസം 1,24,556/- രൂപ റീ-കൺസിലിയേഷൻ നടത്തിയിട്ടുണ്ട്. എന്നാൽ റീ-കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ ഈ തുകയ്ക്ക് സമാനമായി കാണിച്ച പണമാക്കി മാറ്റാൻ ബാക്കിയുള്ള 4 ചെക്കുകളിൽ 2 ചെക്കുകൾ കാലാവധി കഴിഞ്ഞവയാണ്(ചെക്ക് നം.659564 തീ.22.09.2017 (4320/-), ചെക്ക് നം.699564 തീ.22.09.2017 (2048/-).

വാർഷിക ധനകാര്യ പത്രികയുമായി ബന്ധപ്പെട്ട് ഓഡിറ്റ് വേളയിൽ ശ്രദ്ധയിൽപെട്ട അധിക ന്യൂനതകൾ ചുവടെ ചേർക്കുന്നു.

1. ജി.ഒ (ആർ.ടി) നം.3065/18 fin dt.31-3-2018 പ്രകാരം ജനറൽ പർപ്പസ് ഫണ്ട് ഇനത്തിൽ ഗ്രാമ പഞ്ചായത്തിന് അധികമായി അനുവദിച്ച 1,10,738 രൂപ ഗ്രാമ പഞ്ചായത്തിന്റെ ബന്ധപ്പെട്ട ട്രഷറി അക്കൗണ്ടിൽ വരവ് വന്നിട്ടില്ല.
2. ഇ.എം.എസ്ഭവന പദ്ധതി (പുതിയത്) വായ്പയിനത്തിൽ വർഷാവസാനം തിരിച്ചടയ്ക്കുവാനുള്ളത് 1,17,80,000 രൂപയാണ്. എന്നാൽ വാർഷിക ധനകാര്യ പത്രികയിൽ ബാലൻസ് ഷീറ്റിൽ ബാദ്ധ്യതയിനത്തിൽ ഈയിനത്തിൽ കാണിച്ചിരിക്കുന്ന തുക 1,32,80,000/-രൂപയാണ്. വായ്പ മുതൽ ഇനത്തിൽ തൻവർഷം തിരികെ ഒടുക്കിയ 15 ലക്ഷം രൂപ ബാദ്ധ്യതയിൽ നിന്നും കുറച്ചിട്ടില്ല.ഇക്കാര്യം പരിശോധിച്ച് ക്രമപ്പെടുത്തേണ്ടതാണ്.

## 1-4 സാമ്പത്തിക വിശകലനം

(വാർഷിക ധനകാര്യ പത്രികയിലെ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ)

| വർഷം | 2017-18 |
|---|---|
| മുന്നിരിപ്പ് | 29149378 |
| വരവ് | 87328444 |
| ആകെ | 116477822 |
| ചെലവ് | 107836674 |
| നീക്കിയിരിപ്പ് | 8641148 |

## 1-5 ഫണ്ട് വിനിയോഗം

(എ) അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | ചെലവ് % |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 22734000 | 22734000 | 22722210 | 11790 ## | 99.94% |
| വികസനഫണ്ട് എസ്.സി.പി. | 0 | 3890623 | 3890623 | 3128106 | 762517 ## | 80.40% |
| വികസനഫണ്ട് ടി.എസ്.പി. | 0 | 15995 | 15995 | 0 | 15995 ## | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 8022000 | 8022000 | 7806044 | 215956 ## | 97.30% |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 5053000 | 5053000 | 4754790 | 298210 ## | 94.09% |

| | | | | | | |
|---|---|---|---|---|---|---|
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 16019793 | 16019793 | 10314270 | 5705523 ## | 64.38% |
| പെർഫോമൻസ് ഗ്രാന്റ് (KLGSDP) | 0 | 2819702 | 2819702 | 2819702 | 0 | 100% |

## വികസന ഫണ്ട്, സംരക്ഷണഗ്രാന്റ് റോഡ്, സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്, എന്നീയിനങ്ങളിലെ നീക്കിയിരിപ്പ് തുകകൾ (70,09,991/-രൂപ) 31.03.2018ന് സഞ്ചിത നിധിയിൽ ലയിപ്പിക്കപ്പെട്ടു.

(ബി) ഫണ്ട് വിനിയോഗം രസീപ്റ്റ്&പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 22722210 | 22722210 | 22722210 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 3128106 | 3128106 | 3128106 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 7806044 | 7806044 | 7806044 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 4754790 | 4754790 | 4754790 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 10314270 | 10314270 | 10314270 | 0 |
| പെർഫോമൻസ് ഗ്രാന്റ് (KLGSDP) | 0 | 2819702 | 2819702 | 2819702 | 0 |
| ബി ഫണ്ട് | 0 | 1456640 | 1456640 | 1456640 | 0 |
| TSB സംയുക്ത പദ്ധതി | 0 | 2119500 | 2119500 | 2363237 | (-)243737 |
| ട്രഷറി TSB 720071400000004 | 19089922 | 15520516 | 34610438 | 33868050 | 742388 |
| പള്ളിക്കര സർവ്വീസ് സഹകരണ ബാങ്ക് 1164 | 7722784 | 12507035 | 20229819 | 15297971 | 4931848 |
| പഞ്ചാബ് നാഷണൽ ബാങ്ക് 32931 | 2177819 | 2962116 | 5139935 | 2181488 | 2958447 |
| പഞ്ചാബ് നാഷണൽ ബാങ്ക് 30021 | 2747 | 379 | 3126 | 70 | 3056 |
| പള്ളിക്കര സർവ്വീസ് സഹകരണ ബാങ്ക് -9044(ദുരതാശ്വാസ ഫണ്ട്) | 34898 | 932 | 35830 | 30000 | 5830 |

| | | | | | |
|---|---|---|---|---|---|
| പനയാൽ സർവ്വീസ് സഹകരണ ബാങ്ക് -ഇ.എം.എസ്.ലോൺ- 12513 | 13026 | 280782 | 293808 | 280000 | 13808 |
| പഞ്ചാബ് നാഷണൽ ബാങ്ക് എം.ജി.എൻ.ആർ.ജി.എസ്. | 6131 | 932929 | 939060 | 927974 | 11086 |
| പള്ളിക്കര സർവ്വീസ് സഹകരണ ബങ്ക് എം.ജി.എൻ.ആർ.ഇ.ജി.എസ്.- 9169 | 128 | 0 | 128 | 0 | 128 |
| പള്ളിക്കര സർവ്വീസ് സഹകരണ ബാങ്ക് സാക്ഷരത -5850 | 963 | 48 | 1011 | 0 | 1011 |
| പള്ളിക്കര സർവ്വീസ് സഹകരണ ബാങ്ക് സ്വജൽധാര-8457 | 3252 | 162 | 3414 | 0 | 3414 |
| പനയാൽ സർവ്വീസ് സഹകരണ ബാങ്ക് എസ്.എസ്.എ. -9808 | 38047 | 2283 | 40330 | 0 | 40330 |
| ക്യാഷ് | 59661 | 0 | 59661 | -113878 | 173539 |
| ആകെ | 29149378 | 87328444 | 116477822 | 107836674 | 8641148 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം .

| അംഗീകാരം ലഭിച്ചത്(എണ്ണം) | നടപ്പാക്കിയത് | ഭാഗീകമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 240 | 172 | 9 | 59 | 72.08 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമ .നം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2017-18 വർഷ ത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | 2017-18 വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 14 | 5639828 | 11 | 4578358 | 81.18 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 9 | 1797380 | 8 | 1456380 | 81.02 |

| | | | | | | |
|---|---|---|---|---|---|---|
| 3 | അസിസ്റ്റന്റ് എഞ്ചിനിയർ | 154 | 48812483 | 105 | 25920119 | 53.01 |
| 4 | കൃഷി ഓഫീസർ | 6 | 9941795 | 5 | 5959171 | 59.94 |
| 5 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 16 | 12865000 | 12 | 8210000 | 63.81 |
| 6 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 8 | 5706000 | 8 | 5189746 | 90.95 |
| 7 | വെറ്റനറി സർജ്ജൻ | 6 | 2074220 | 6 | 1676819 | 80.84 |
| 8 | മെഡിക്കൽ ഓഫീസർ - ആയുർവ്വേദം | 3 | 945000 | 3 | 939700 | 99.43 |
| 9 | മെഡിക്കൽ ഓഫീസർ -പി.എച്ച്.സി | 6 | 1376000 | 6 | 1329463 | 96.61 |
| 10 | മെഡിക്കൽ ഓഫീസർ - ഹോമിയോ | 1 | 150000 | 1 | 150000 | 100 |
| 11 | പ്രധാനാധ്യാപകൻ | 15 | 6432550 | 15 | 6020614 | 93.60 |
| 12 | ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1222000 | 1 | 1165041 | 95.34 |
| 13 | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 1 | 150000 | 0 | 0 | 0 |
| | ആകെ | 240 | 97112256 | 181 | 62595411 | 64.46 |

| മേഖല | അംഗീകരിച്ച് പദ്ധതി പ്രകാരം 2017-18വർഷം നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | 2017-18വർഷം നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാനം |
|---|---|---|---|---|---|
| | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| ഉല്പാദനം | 20 | 14933583 | 16 | 9550208 | 63.95 |
| സേവനം | 116 | 45657486 | 82 | 31916181 | 69.90 |
| പശ്ചാത്തലം | 104 | 36521187 | 83 | 21129022 | 57.85 |
| ആകെ | 240 | 97112256 | 181 | 62595411 | 64.46 |

2017-18 സാമ്പത്തിക വർഷം ആകെ 240 പദ്ധതികൾക്ക് അംഗീകാരം ലഭിച്ചെങ്കിലും 181 പദ്ധതികൾ മാത്രമാണ് തൻവർഷം നടപ്പിലാക്കിയത്. അതായത് അംഗീകാരം ലഭിച്ച പദ്ധതികളുടെ 75.41% മാത്രമാണ് നടപ്പിലാക്കിയത്. തൻവർഷം 154പൊതുമരാമത്ത് പ്രവൃത്തികളാണ് അംഗീകരിച്ച പദ്ധതി പ്രകാരം നടപ്പാക്കേണ്ടിയിരുന്നത് എന്നാൽ 105 മരാമത്ത് പ്രവൃത്തികൾ മാത്രമേ നടപ്പാക്കാൻ സാധിച്ചുള്ളൂ. തൻവർഷം വകയിരുത്തിയ തുകയുടെ 53% മാത്രമാണ് അസിസ്റ്റന്റ് എഞ്ചിനീയർ ചെലവഴിച്ചത്. നിർവ്വഹണോദ്യോഗസ്ഥൻമാരായ കൃഷി ഓഫീസർക്ക് തൻവർഷം വകയിരുത്തിയ തുകയുടെ 59.94% മാത്രമാണ് ചെലവഴിക്കാൻ സാധിച്ചത്. അതുപോലെ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ ചെലവ് 63.81% മാത്രമാണ്. മേൽ പറഞ്ഞ നിർവ്വഹണോദ്യോഗസ്ഥൻമാരുടെ കുറഞ്ഞ ചെലവു ശതമാനം ഭരണ സമിതിയുടെ ശ്രദ്ധയിൽപെടുത്തുന്നു.

## 1-7 തനത് വരുമാനം.

മുൻ വർഷത്തെ അപേക്ഷിച്ച് തൻവർഷം തനത് നികുതി നികുതിയേതര വരുമാനയിനങ്ങളുടെ വരവിൽ 22.56% വർദ്ധനവ്/കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 7967038 | 10968678 | (+) 3001640 | (+) 37.67% |
| നികുതിയേതര വരവുകൾ | 1675117 | 1245327 | (-)429790 | (-)25.65% |
| മറ്റുള്ളവ | 484790 | 198519 | (-)286271 | (-)59.05 |
| ആകെ | 10126945 | 12412524 | (+) 2285579 | (+) 22.56 |

## 1-8 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 6131 | 932929 | 939060 | 927974 | 11086 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 16951248 | 16951248 | 16951248 | - |
| ആകെ | 6131 | 17884177 | 17890308 | 17879222 | 11086 |

മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി 2017-18 വർഷം 600പദ്ധതി കളുൾപെടുന്ന ആക്ഷൻ പ്ലാൻ ഗ്രാമ പഞ്ചായത്ത് തയ്യാറാക്കി അംഗീകാരം നേടിയിരുന്നു. എന്നാൽ തൻ വർഷം 179പദ്ധതികൾ മാത്രമാണ് നടപ്പാക്കിയത്. തൻ വർഷം ഈ മേഖലയിൽ പ്രധാനമായും ഭൂവികസനപദ്ധതികളാണ് ഏറ്റെടുത്ത് നടപ്പാക്കിയത്. മഴക്കുഴി നിർമ്മാണം, തരിശ് ഭൂമി കൃഷിയോഗ്യമാക്കൽ, ഐ.എ.വൈ പദ്ധതി പ്രകാരം ഭവന പദ്ധതി, ജലസംരക്ഷണ പദ്ധതികൾ തുടങ്ങിയവയാണ് ഈ വർഷം നടപ്പാക്കിയ പദ്ധതികൾ.തൻ വർഷം വിവിധ പദ്ധതികളിലായി ആകെ 64135തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. നൂറുദിനം തൊഴിൽ ദിനം ലഭിച്ച 127 കുടുബങ്ങളുണ്ട്.

## 1-9 ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം

തൻവർഷം ഗ്രാമപഞ്ചായത്തിൽ വിവിധ ക്ഷേമ പദ്ധതികകൾക്കായി വിനിയോഗിക്കപ്പെട്ട തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| തൊഴിൽരഹിത വേതനം | 53,640 | 91 |
| കർഷകതൊഴിലാളി പെൻഷൻ | 63,99,100 | 542 |
| വിധവാപെൻഷൻ | 2,47,71,800 | 2066 |
| വാർദ്ധക്യകാലപെൻഷൻ | 2,60,25,200 | 2047 |
| വികലാംഗപെൻഷൻ | 73,36,300 | 600 |
| അവിവാഹിതകളായ 50 വയസ്സിനുമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 10,69,300 | 91 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 10,80,000 | 36 |

## 1-10 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 08.10.2018 ന് (3 pm) സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 12,436/-രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-11 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള വിവരം ചുവടെ പറയും പ്രകാരമാണ്.

| ക്രമ നം | തസ്തിക | എണ്ണം |
|---|---|---|
| 1 | സെക്രട്ടറി | 1 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി. | 1 |
| 3 | ജൂനിയർ സൂപ്രണ്ട് | 1 |
| 4 | അക്കൗണ്ടന്റ് | 1 |
| 5 | സീനിയർ ക്ലാർക്ക് | 3 |
| 6 | ക്ലാർക്ക് | 4 |
| 7 | ഓഫീസ് അറ്റൻഡന്റ് | 2 |
| 8 | പാർട്ട് ടൈം സ്വീപ്പർ | 2 |
| 9 | പാർട്ട് ടൈം പൗണ്ട് കീപ്പർ | 1 |
| 10 | പാർട്ട് ടൈം ലൈബ്രേറിയൻ | 1 |

2017-2018 സാമ്പത്തിക വർഷം ക്ലാർക്കിന്റെ ഒരു തസ്തിക 01.04.2017 മുതൽ 19.05.2017 വരെയും 21.07.2017 മുതൽ 10.10.2017 വരെയും 05.11.2017 മുതൽ 28.12.2017വരെയും ഒഴിഞ്ഞുകിടന്നിരുന്നു. പതിനൊന്നിന പരിപാടിയുടെ ഭാഗമായി ഗ്രാമ പഞ്ചായത്തിൽ നിയമിതനായ പാർട്ട് ടൈം ലൈബ്രേറിയൻ സ്ഥാനകയറ്റം ലഭിച്ചതിനെതുടർന്ന് വിടുതൽചെയ്തതിനുശേഷം തസ്തിക ഒഴിഞ്ഞുകിടക്കുകയാണ്.

12.07.2017ലെ ഉത്തരവ് നം എ1/356/2017പ്രകാരം ജീവനക്കാരുടെ ജോലി വിഭജനം നടത്തിയിട്ടുണ്ട്. ഓഫീസ് ഉത്തരവിൽ പിന്നീട് പുതിയ ചുമതലകൾ വരുന്നതിന്റെയടിസ്ഥാനത്തിൽ നിരവധി ഉപ ഉത്തരവുകൾ പ്രകാരം കൂട്ടിചേർക്കലുകളുണ്ടായിട്ടുണ്ട്.

ജീവനക്കാരുടെ സേവന പുസ്തകം കൃത്യമായി പരിപാലിക്കുന്നുണ്ട്. ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ബാങ്ക് അക്കൌണ്ട് മുഖേനയാണ് വിതരണം നടത്തുന്നത്. ജീവനക്കാരുടെ ശമ്പള പരിഷ്കരണം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും സമയാസമയങ്ങളിൽ അംഗീകാരം വാങ്ങുന്നുണ്ടെങ്കിലും ഗ്രാമ പഞ്ചായത്ത് ഓഫീസിലെ അസിസ്റ്റന്റ് സെക്രട്ടറിയായ ശ്രീമതി.ഗീതാമണി.ആർ-ന്റെ ശമ്പളം ജി.ഒ (പി) നം 85/2011/Fin തീയതി 26.02.2011 ജി.ഒ (പി) നം 7/2016/Fin തീയതി 20.01.2016 എന്നിവ പ്രകാരം പരിഷ്കരിച്ചത് അംഗീകാരം വാങ്ങിയിട്ടില്ല.

ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ യോഗം (staff meeting) 2017-2018 സാമ്പത്തിക വർഷം 11 തവണ ചേർന്നിട്ടുണ്ട്. ജീവനക്കാരുടെ യോഗം മാസത്തിൽ ഒരുതവണയെങ്കിലും ചേരേണ്ടതും ഓരോ സെക്ഷനിലെയും പ്രവർത്തന പുരോഗതി വിലയിരുത്തേണ്ടതുമാണ്. ക്ലറിക്കൽ തസ്തികയിൽ ജോലിചെയ്യുന്ന ജീവനക്കാർ പെഴ്സണൽ രജിസ്റ്റർ എഴുതുന്നുണ്ടെങ്കിലും ആയത് സൂപ്പർവൈസറി തസ്തികയിലുള്ള ഉദ്യോഗസ്ഥതല പരിശോധന നടത്തുന്നില്ല.

ജീവനക്കാരുടെ ഹാജർ കൃത്യമായി രേഖപ്പെടുത്തുന്നുണ്ട്. ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷനും മറ്റ് ശമ്പള റിക്കവറികളും കൃത്യമായി ഈടാക്കി ബന്ധപ്പെട്ട വകുപ്പുകളിലേക്ക് ഒടുക്കുന്നുണ്ട്.

ബഡ്ജറ്റ് പാസ്സാക്കിയെങ്കിലും ആയതിന്റെ അടിസ്ഥാനത്തിൽ വരവ് ചിലവ് കണക്കുകള് കൃത്യമായി വിലയിരുത്തപ്പെടുന്നില്ല. സ്ഥാപനത്തിന്റെ സാമ്പത്തിക ഇടപാടുകൾ കൃത്യമായി അക്കൌണ്ട് ചെയ്യപ്പെടുന്നുണ്ട്. ക്യാഷും അക്കൌണ്ട്സും വ്യത്യസ്ഥ ജീവനക്കാരാണ് കൈകാര്യം ചെയ്യുന്നത്. അക്കൌണ്ട്സ് റൂളുകളും അക്കൌണ്ട് പോളിസികളും പാലിക്കുന്നുണ്ട്. ദിവസാന്ത്യ/മാസാന്ത്യ/വർഷാന്ത്യം നടത്തേണ്ട പൊരുത്തപ്പെടുത്തലുകൾ കൃത്യമായി ചെയ്തുവരുന്നുണ്ട്. അക്കൌണ്ടിന്റെ ബാക്ക്അപ്പ് എടുത്ത് സൂക്ഷിക്കുന്നില്ല. സ്ഥാപനത്തിലെ എല്ലാ ബാങ്ക് / ട്രഷറി ഇടപാടുകളും വാർഷിക ധനകാര്യ പത്രികയിലുൾപെട്ടിട്ടുണ്ട്. ചില അക്കൌണ്ടുകളിൽ ഇടപാടുകൾ ഒന്നും തന്നെയില്ല. ദിവസേനയുള്ള വരവുകൾ ബാങ്കിൽ കൃത്യമായി ഒടുക്കുന്നുണ്ട്.

ചെക്ക് ഇഷ്യൂ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. ബാങ്ക്/ട്രഷറി അക്കൌണ്ടുകളുടെ പൊരുത്തപ്പെടുത്തൽ തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട്. ഡി. സി. ബി. യിൽ വസ്തു നികുതി, തൊഴില് നികുതി, എന്നിവയൊഴികെയുള്ളവ കൃത്യമായി ഡിമാന്റ് ചെയ്യപ്പെടുന്നുണ്ട് എന്ന് ഉറപ്പാക്കുന്നതിനുള്ള സംവിധാനം ഇല്ല. നികുതി നിർണ്ണയം നടത്തുന്നത് സഞ്ചയ സോഫ്റ്റവെയർ മുഖേനയാണ്. നികുതി ഇളവുകൾ കൃത്യമായ നടപടിക്രമങ്ങൾ പാലിച്ചാണ് നല്കുന്നത്. തൻ വർഷം 100 % നികുതി പിരിവ് കൈവരിക്കാൻ സാധിച്ചിട്ടില്ല. നികുതി പരിവ് കാര്യക്ഷമമാക്കേണ്ടതാണ്.

സാധന സാസാമഗ്രികൾ സമാഹരിക്കുന്നതിനുള്ള ചട്ടങ്ങളും സ്റ്റോർ പർച്ചേസ് ചട്ടങ്ങളും സ്ഥാപനം അനുസരിക്കുന്നുണ്ട്. ടെണ്ടർ നടപടി ക്രമങ്ങൾ സ്ഥാപനം കൃത്യമായി പാലിക്കുന്നുണ്ട്. സാധന സാമഗ്രികളുടെ സമാഹരണവുമായി ബന്ധപ്പെട്ട ഫയലുകളും രജിസ്റ്ററുകളും കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ട്.

ആസ്തികൾ കൃത്യമായി മൂല്യ നിർണ്ണയം ചെയ്ത് ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന 10 അങ്കണവാടികൾക്ക് സ്വന്തമായി കെട്ടിടമില്ല. ഈ സ്ഥാപനങ്ങൾക്ക് സ്ഥിരം കെട്ടിട സംവിധാനം ഒരുക്കണം.

ഓഡിറ്റ് കാലയളവിൽ പഞ്ചായത്ത് ഭരമസമിതി 18 തവണ യോഗം ചേർന്നിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 15പ്രാവശ്യവും വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി 14പ്രാവശ്യവും ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 16പ്രാവശ്യവും ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിങ്ങ് കമ്മിറ്റി 15പ്രാവശ്യവും യോഗം ചേരുന്നിട്ടുണ്ട്. യോഗ

തീരുമാനങ്ങൾ കൃത്യമായി മിനിട്സ് ബുക്കിൽ രേഖപ്പെടുത്തുന്നുണ്ട്. പഞ്ചായത്തിന്റെ ഓരോ മാസത്തെയും വരവ് ചെലവ് കണക്കുകൾ തൊട്ടടുത്ത മാസം 10 ാം തിയ്യതിക്കകം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിക്കണം എന്ന വ്യവസ്ഥ കൃത്യമായി പാലിക്കുന്നില്ല. സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങളിൽ നിർവ്വഹണോദ്യോഗസ്ഥൻമാർ പങ്കെടുക്കുന്നില്ല. സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങളിൽ നിർവ്വഹണോദ്യോഗസ്ഥൻമാരുടെ സാന്നിധ്യം ഉറപ്പുവരുത്തേണ്ടതാണ്.

## 1-12 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.09.2018 | ആഗസ്റ്റ് 2018 | 22.09.2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 12.05.2006 | 2005-06 | 16.06.2006 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഇ-ടെണ്ടർ കരാറുകാർ ഓൺലൈനായി ഒടുക്കിയ ബിഡ് സമർപ്പണ ഫീസ് ഗ്രാമ പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല

1) പള്ളിക്കര ഗ്രാമ പഞ്ചായത്തിൽ 2017-18 സാമ്പത്തിക വർഷത്തിൽ ഈ ടെണ്ടർ മുഖേന നടപ്പാക്കിയ വിവിധ പൊതുമരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ വേളയിൽ കരാറുകാർ ഓൺലൈനായി സമർപ്പിച്ച ബിഡ് സമർപ്പണ ഫീസ് ഇനത്തിൽ ഗ്രാമ പഞ്ചായത്തിന് ലഭ്യമാവേണ്ട 1,05,180 രൂപ തദ്ദേശ സ്വയംഭരണ വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ (കാസറഗോഡ് ) അക്കൗണ്ടിൽ സ്ഥിതി ചെയ്യുകയാണ്. 2014-15 വർഷം മുതൽ ഈയിനത്തിൽ ലഭ്യമാവേണ്ട തുകകൾ നാളിതുവരെയും ഗ്രാമ പഞ്ചായത്തിന് ലഭിച്ചിട്ടില്ല. പ്രസ്തുത തുകകൾ ലഭ്യമാക്കുവാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്. മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ടുകളിൽ ഇക്കാര്യം പരാമർശിച്ചിട്ടുള്ളതാണ്. നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം 2014-15 വർഷം മുതൽ ഈയിനത്തിൽ ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ട തുകകളുടെ വർഷം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| ക്രമ. നമ്പർ | വർഷം | ലഭ്യമാവേണ്ട തുക |
|---|---|---|
| 1 | 2014-2015 | 1,07,886/- |
| 2 | 2015-2016 | 1,66,745/- |
| 3 | 2016-2017 | 19,635/- |
| 4 | 2017-2018 | 1,05,180/- |
| | ആകെ | 3,99,446 |

2).നിർവ്വഹണ ഉദ്യോഗസ്ഥൻ പ്രധാനധ്യാപകൻ 2017-18വർഷം നടപ്പിലാക്കിയ പ്രൊജക്ട് നം.06/18 എൽ പി, യു പി, സ്കൂളുകൾക്ക് ഫർണിച്ചർ വിതരണം എന്ന പദ്ധതി പ്രകാരമുള്ള വാങ്ങൽ നടപടികൾ കേരള ഗവൺമെന്റ് ഇ-ടെണ്ടറിങ്ങ് സിസ്റ്റം മുഖേനയാണ് നിർവ്വഹിച്ചത്. പദ്ധതിയ്ക്കായി ഏഴു ടെണ്ടറുകളാണ് ലഭിച്ചത് . എന്നാൽ ടെണ്ടർ ഫോം ഫീസിനത്തിൽ ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ട തുക ഗ്രാമ

പഞ്ചായത്ത് അക്കൗണ്ടിൽ വരവ് വന്നിട്ടുണ്ടോയെന്നത് സംബന്ധിച്ച വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. തുക വരവ് വന്നതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 മുൻ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ ബാദ്ധ്യത സാക്ഷ്യ പത്രം -തുടർ നടപടികൾസംബന്ധിച്ച്

എ) മുൻ സെക്രട്ടറിയുടെ ആദായനികുതി കണക്കാക്കിയതിന്റെ കൃത്യമായ രേഖകൾ ലഭ്യമല്ല-

പള്ളിക്കര ഗ്രാമ പഞ്ചായത്തിൽ നിന്നും 30-06-2017 ന് വിരമിച്ച മുൻ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ശ്രീ.ബി.വിജയഭാനുവിന്റെ ബാധ്യതാ സാക്ഷ്യപത്രം ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 18-4-2018 ലെ എ1-497/2017 കത്ത് പ്രകാരം കാസറഗോഡ്പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് സമർപ്പിച്ചിരുന്നു. ഇദ്ദേഹത്തിന്റെ ശമ്പളം നിർണ്ണയിച്ചതിൽ സംഭവിച്ച അപാകത മൂലം അധികം കൈപ്പറ്റിയ ശമ്പളം 97444 രൂപയിൽ തിരികെ ഒടുക്കിയ 31,747 രൂപ കിഴിച്ച് അവശേഷിക്കുന്ന 65,697 രൂപയും , 2014-15 മുതൽ 30-6-2017 വരെയുള്ള കാലയളവിലെ ആദായനികുതി ഇനത്തിൽ ഒടുക്കുവാൻ ഉള്ളതായി പെർഫോമൻസ് ഓഡിറ്റ് വിഭാഗം പരിശോധിച്ച് നിർണ്ണയിച്ച 1,50,952രൂപയും ഉൾപ്പെടുത്തിയായിരുന്നു മേൽ പരാമർശിച്ച ബാദ്ധ്യതാ സാക്ഷ്യപത്രം നൽകിയരുന്നത്. മേൽ കാലയളവിലെ ഇദ്ദേഹത്തിന്റെ ആദായ നികുതി കണക്കാക്കിയതിന്റെയും ആയത് ഒടുക്കിയതിന്റെയും കൃത്യമായ രേഖകൾ സമർപ്പിക്കുവാൻ ഇദ്ദേഹത്തിന് സാധിച്ചിട്ടില്ലയെന്ന് മേൽ പരാമർശിച്ച കത്തിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സൂചിപ്പിച്ചിട്ടുണ്ട്. ശമ്പളത്തിൽ നിന്നും കിഴിവ് ചെയ്ത് ആദായ നികുതി അടവാക്കിയത് സംബന്ധിച്ച് കൃത്യമായ രേഖകൾ ലഭ്യമല്ലാത്തതിനാലാണ് ഇദ്ദേഹത്തിന് മേൽപ്രകാരം നികുതി ബാദ്ധ്യത നിർണ്ണയിച്ച് നൽകിയത്.

തുടർന്ന് കാസറഗോഡ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 12-06-2018 ലെ സി-4-1522/2016 /എസ്.സി2 നമ്പർ നടപടിക്രമം പ്രകാരം ഇദ്ദേഹത്തിന്റെ ഡി.സി.ആർ.ജി വിട്ടുതൽ ചെയ്ത് ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിൽ 2014-15, 2015-16 വർഷങ്ങളിലെ ആദായ നികുതി ഒടുക്കിയതായി ശ്രീ.വിജയഭാനു അറിയിച്ചതായും തുടർന്നുവരുന്ന ആദായനികുതി സംബന്ധിച്ച് ബാദ്ധ്യതകൾക്ക് ടിയാൾ നേരിട്ട് ഉത്തരവാദിയായിരിക്കുമെന്ന വ്യവസ്ഥ ഉൾപ്പെടുത്തി സമ്മതപത്രം നല്കിയതായും പരാമർശിച്ചിട്ടുണ്ട്. 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിലെ ആദായ നികുതി റിട്ടേൺ ഫയൽ ചെയ്തതുമായി ബന്ധപ്പെട്ട ഫോം.നം 26AS ന്റെ പകർപ്പും 2017-18 സാമ്പത്തിക വർഷത്തെ (2018-19 Assessment year) ഇൻകം ടാക്സ് റിട്ടേൺ വെരിഫിക്കേഷൻ ഫോമിന്റെ പകർപ്പും ഗ്രാമ പഞ്ചായത്തിൽ ഇതുമായി ബന്ധപ്പെട്ട ഫയലിൽ സൂക്ഷിച്ചിട്ടുണ്ട് . എന്നാൽ ശമ്പള വരുമാനം കണക്കാക്കിയത് സംബന്ധിച്ച് ഫോം നമ്പർ 16 ഉൾപ്പടെയുള്ള രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. കൂടാതെ ഇദ്ദേഹം 2016-17 വർഷത്തെ ആദായ നികുതി ഒടുക്കിയത് സംബന്ധിച്ച് യാതൊരു രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ഗ്രാമപഞ്ചായത്ത് അധികൃതർക്ക് സാധിച്ചിട്ടില്ല. ഇക്കാര്യം പരിശോധിച്ച് ശ്രീ.ബി.വിജയഭാനു പള്ളിക്കര ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയായിരുന്ന മേൽ കാലയളവിൽ ഇദ്ദേഹം ആദായനികുതി ഒടുക്കിയത് സംബന്ധിച്ച എല്ലാരേഖകളും അടിയന്തിരമായി ലഭ്യമാക്കി ഗ്രാമ പഞ്ചായത്തിൽ ലഭ്യമായ രേഖകളുമായി ഒത്തുനോക്കി നിയമപ്രകാരമുള്ള നികുതി ഒടുക്കിയിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്. നിയമപ്രകാരമുള്ള നികുതി ഒടുക്കിയിട്ടില്ലെങ്കിൽ തുടർനടപടികൾ സ്വീകരിക്കുവാൻ വിശദാംശങ്ങൾ ആദായ നികുതി വകുപ്പ് അധികൃതരെ അറിയിക്കുവാൻ നിലവിലെ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

2) ഡി.സി.ആർ.ജി ബാദ്ധ്യതാ സാക്ഷ്യ പത്രം പ്രകാരമുള്ള തുകകൾ ഗ്രാമ പഞ്ചായത്തിൽ വരവ് വന്നിട്ടില്ല

ഇദ്ദേഹത്തിന്റെ ഡി.സി.ആർ.ജി വിട്ടുതൽ ചെയ്തുകൊണ്ടുള്ള കാസറഗോഡ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 12-06-2018 ലെ സി-4-1522/2016/എസ്.സി2 നമ്പർ ഉത്തരവ് പ്രകാരം ശ്രീ.വിജയഭാനു അധികമായി കൈപ്പറ്റിയ ശമ്പളമിനത്തിൽ തിരികെ ഒടുക്കുവാനുള്ള 65,697 രൂപയും, സംസ്ഥാന ഓഡിറ്റ് വകുപ്പ് സർചാർജ്ജ് സർട്ടിഫിക്കറ്റ് പുറപ്പെടുവിച്ച പ്രകാരം ഈടാക്കേണ്ട 32,200 രൂപയുമുൾപ്പടെ 97,897 രൂപ ഡി.സി.ആർ.ജി യിൽ നിന്നും നിന്നും കുറവ് ചെയ്ത് പള്ളിക്കര ഗ്രാമപഞ്ചായത്തിൽ ഒടുക്കുന്നതിന് വകുപ്പ് തല ബാദ്ധ്യത സാക്ഷ്യപത്രം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത തുക നാളിതുവരെ പള്ളിക്കര ഗ്രാമ പഞ്ചായത്ത് അക്കൗണ്ടിൽ വരവ് വന്നിട്ടില്ല . തുക ഗ്രാമ പഞ്ചായത്ത് അക്കൗണ്ടിൽ വരവ് വന്ന ശേഷം വിശദാംശംങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 3-2 <u>പാക്കം ആയുർവേദ കേന്ദ്രത്തിനനുബന്ധമായി നിർമ്മിച്ച വയോജന വിശ്രമകേന്ദ്രം -പദ്ധതി യാഥാർത്ഥ്യമാക്കണം.</u>

2017-18 സാമ്പത്തിക വർഷത്തിൽ ഗ്രാമ പഞ്ചായത്തിലെ കണ്ണംവയൽ എന്ന സ്ഥലത്തുള്ള പാക്കം ആയുർവേദ കേന്ദ്രത്തിനനുബന്ധമായി ഒരു വയോജന വിശ്രമകേന്ദ്രം 8,21,994/- രൂപ ചെലവഴിച്ച് നിർമ്മിച്ചിട്ടുണ്ട് (പ്രൊജക്ട് നം.149/18). ഇതുകൂടാതെ ഈ കെട്ടിടം വൈദ്യുതീകരണത്തിനായി ഇതേ വർഷം 60,738/- രൂപയും ചെലവഴിച്ചിട്ടുണ്ട് (പ്രൊജക്ട് നം.243/18). പ്രൊജക്ട് നം.254/18 പ്രകാരം വയോജന വിശ്രമകേന്ദ്രത്തിനായി 44,400/- രൂപ ചെലവഴിച്ച് 100 കസേരകളും വാങ്ങിയിട്ടുണ്ട്. ആയുർവേദാശുപത്രിയൽ വരുന്ന വൃദ്ധജനങ്ങളുടെ സൗകര്യം പരിഗണിച്ചാണ് ഈ കെട്ടിടം ഇവിടെ നിർമ്മിച്ചത്. ഓഡിറ്റ് ടീം 16.10.2018 ന് കെട്ടിടം സന്ദർശിക്കുകയുണ്ടായി. കെട്ടിടത്തിൽ മൂന്ന് മുറികളും ഒരു അടുക്കളയും ഒരു ശൗചാലയവും ഉണ്ട്. കെട്ടിടത്തിന് വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടുണ്ട്. കുടിവെള്ള സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. വയോജന വിശ്രമകേന്ദ്രം പൊതുജനങ്ങൾക്കായി തുറന്നുകൊടുത്തിട്ടില്ല. 28.07.2018ന് ചേർന്ന ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ യോഗത്തിൽ വയോജന വിശ്രമകേന്ദ്രം ഉദ്ഘാടനം ചെയുന്നതുമായി ബന്ധപ്പെട്ട ചർച്ചകൾ നടന്നിട്ടുണ്ട്. വയോജന വിശ്രമകേന്ദ്രത്തിന്റെ പ്രവർത്തന ത്തിനാനാവശ്യമായ മറ്റ് അടിസ്ഥാന സജ്ജീകരണങ്ങൾ ഒരുക്കി പദ്ധതി യാഥാത്ഥ്യമാക്കേണ്ടതാണ്.

## 3-3 <u>ലൈഫ് ഭവന പദ്ധതി ഗുണഭോക്തൃപട്ടികയിലുള്ള ഭൂരിപക്ഷത്തിനും ആനുകൂല്യം ലഭിച്ചിട്ടില്ല.</u>

ഗ്രാമ പഞ്ചായത്തിൽനടപ്പിലാക്കി വരുന്ന ലൈഫ് ഭവനപദ്ധതിയിൽ ഭൂമിയുള്ള ഭവന രഹിതരുടെ പട്ടികയിൽ 314 ഗുണഭോക്താക്കളാണ് ഉൾപ്പെട്ടിട്ടുള്ളത്. ഭൂരഹിത ഭവന രഹിതരുടെ പട്ടികയിൽ 469 പേരും ഉൾ പ്പെട്ടിട്ടുണ്ട്. നിലവിൽ ഭൂരഹിത ഭവന രഹിതരുടെ പട്ടികയിൽ ഉൾപ്പെട്ടവർക്ക് ആനുകൂല്യം നൽകുവാൻ ആരംഭിച്ചിട്ടില്ല . നിർവ്വഹണ ഉദ്യോഗസ്ഥൻ വി.ഇ.ഒ ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം സ്വന്തമായി ഭൂമിയുള്ള ഭവന രഹിതരുടെ പട്ടികയിൽ ഉൾപ്പെട്ട 314 പേരിൽ 176 പേർക്കായിരുന്നു ലൈഫ് പദ്ധതി മാനദണ്ഡങ്ങൾ പ്രകാരം അർഹതയുണ്ടായിരുന്നത് . സ്വന്തമായി റേഷൻകാർഡ് ലഭ്യമല്ലാത്തതിനാലും,സ്വന്തമായി സ്ഥമില്ലാത്തതിനാലും, മറ്റ് സാങ്കേതിക തടസ്സങ്ങൾ മൂലവും മറ്റുള്ളവർക്ക് ആനുകൂല്യം അനുവദിക്കുവാൻ സാധിച്ചിട്ടില്ലയെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ സൂചിപ്പിക്കുകയുണ്ടായി. ലൈഫ് മാനദണ്ഡം പ്രകാരം യോഗ്യരായവരുടെ പട്ടികയിൽ ഉൾപ്പെട്ട 68 ഗുണഭോക്താക്കൾക്ക് സ്വന്തമായി സ്ഥലം സമീപ ഗ്രാമപഞ്ചായത്തുകളിലുള്ളതെന്നതിനാൽ അവരുടെ പട്ടിക ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തുകൾക്ക് കൈമാറി . നിലവിൽ 108 പേരാണ് ഭൂമിയുള്ള ഭവന രഹിതരുടെ പട്ടികയിൽ ഉൾപ്പെട്ട 314 പേരിൽ ആനുകൂല്യം ലഭിക്കുന്നതിന് അന്തിമമായി അർഹരായിട്ടുള്ളത്. ഇതിൽ 32 പേർക്ക് 2017-18 വർഷം ആദ്യ ഗഡു 40,000 വീതം നൽകിയിട്ടുണ്ട്.നിർവഹണോദ്യോഗസ്ഥൻ ലഭ്യമാക്കിയ റിപ്പോർട്ട്

പ്രകാരം നാളിതുവരെയായി 99 പേർക്ക് ആദ്യഗഡുവും ഇതിൽ 21 പേർക്ക് രണ്ടാം ഗഡുവും നല്കിയിട്ടുണ്ട്. 2017-18 വർഷം ആദ്യ ഗഡു കൈപ്പറ്റിയ 32 ഗുണഭോക്താക്കളുടെ വ്യക്തിഗത രേഖകൾ ഉൾപ്പെടുന്ന ഫയലുകളിൽ ലൈഫ് മാനദണ്ഡപ്രകാരമുള്ള എഗ്രിമെന്റ് കൃത്യമായി സൂക്ഷിക്കാത്തതായികാണുകയുണ്ടായി . ഇക്കാര്യം പരിശോധിച്ച് മുഴുവൻ ഗുണഭോക്താക്കളുടേയും കരാറുടമ്പടി പത്രികകൾ കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തി സൂക്ഷിക്കുവാനും, സ്റ്റേജ് സർട്ടിഫിക്കറ്റുകൾ , മോണിറ്ററിങ്ങ് സമിതി സാക്ഷ്യപത്രങ്ങൾ, തുക കൈപ്പറ്റ് രേഖകൾ എന്നിവ കൃത്യമായി സൂക്ഷിക്കുവാനും ശ്രദ്ധിക്കേണ്ടതാണ്.

ഗ്രാമ പഞ്ചായത്ത് ഭരണ സമിതിയുടെ 15-09-2018 ലെ 5/2018 നമ്പർ തീരുമാന പ്രകാരം ഭൂമിയുള്ള ഭവന രഹിതരുടെ പട്ടികയിൽ ഉൾപ്പെട്ട 314 പേർക്കുള്ള ആനുകൂല്യം നൽകുന്നതിനായി 11.54 കോടിരൂപ വായ്പ ലഭ്യമാക്കുന്നതിനായി ലൈഫ് മിഷനോട് അപേക്ഷിച്ചിട്ടുണ്ട്. 314 പേരുള്ള പട്ടികയിലെ പല ഗുണഭോക്താക്കളുടേയും അർഹത സംബന്ധിച്ച് അന്തിമ തീരുമാനം ലഭ്യമാകാത്ത തും, ചില ഗുണഭോക്താക്കളുടെ ഭവന നിർമ്മാണ ചുമതല മറ്റ് ഗ്രാമ പഞ്ചായത്തുകളിലേയ്ക്ക് കൈമാറിയതും ലൈഫ് മിഷനെ ധരിപ്പിച്ച് ഇതിൻ പ്രകാരം വായ്പാ തുക ക്രമീകരിക്കുവാൻ നടപടികൾ കൈക്കൊള്ളേണ്ടതാണ്. ലൈഫ് മാനദണ്ഡ പ്രകാരമുള്ള യോഗ്യതയില്ലാത്ത ഗുണഭോക്താക്കൾ പട്ടികയിൽ ഉൾപ്പെടുവാൻ ഇടയായസാഹചര്യം പരിശോധിക്കേണ്ടതാണ്. കൂടാതെ ഭൂരഹിത ഭവന രഹിതരുടെ പട്ടികയിൽ ഉൾപ്പെട്ടവരുടെ പുനരധിവാസം സംബന്ധിച്ച് ലൈഫ് മിഷൻ നിർദ്ദേശങ്ങൾക്കനുസൃതമായി തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഗുണഭോക്താക്കളുടെ അർഹത സംബന്ധിച്ച് ലൈഫ് മിഷൻ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ കർശനമായി പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 3-4 ഗ്രാമ സഭകളിൽ ജനപങ്കാളിത്തംവർദ്ധിപ്പിക്കുവാനുതകുന്ന നടപടികൾ സ്വീകരിക്കേണ്ടതാണ്.

കേരള പഞ്ചായത്ത് രാജ് നിയമം- 1994 വകുപ്പ് 3(2) ആണ് ഗ്രാമസഭയെന്താണെന്ന് വിശദീകരിച്ചത്. ഇതനുസരിച്ച് ഒരു ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രദേശത്തിലുൾപ്പെട്ട ഒരു ഗ്രാമത്തെ വോട്ടർപ്പട്ടികയിൽ പേര് ചേർത്തിട്ടുള്ള എല്ലാ ആളുകളും ചേർന്നതാണ് ആ വാർഡിലെ ഗ്രാമസഭ. വകുപ്പ് 3 എ യിൽ ഗ്രാമസഭയുടെ അധികാരങ്ങളും ചുമതലകളും അവകാശങ്ങളും പ്രതിപാദിച്ചിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷത്തെ ഗ്രാമസഭകളിലെ ജനപങ്കാളിത്തവിവരം സംസ്ഥാന ഓഡിറ്റ് വകുപ്പ് തയ്യാറാക്കിയ വാർഷിക റിപ്പോർട്ടിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. ആസൂത്രണവുമായി ബന്ധപ്പെട്ട പ്രധാന ചുമതലകൾ താഴെ കൊടുക്കുന്നു.

3എ(1)(എ)– പഞ്ചായത്തിന്റെ വികസന പദ്ധതികൾ ആവിഷ്കരിക്കുന്നതിനാവശ്യമായ വിശദാംശങ്ങൾ ശേഖരിക്കുന്നതിനും സമാഹരിക്കുന്നതിനും സഹായിക്കുക;

(ബി)-ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നടപ്പാക്കേണ്ട പദ്ധതികളുടേയും വികസന പരിപാടികളുടേയും നിർദ്ദേശങ്ങൾക്ക് രൂപം നൽകുകയും മുൻഗണന നിർദ്ദേശിക്കുകയും ചെയ്യുക;

(സി)-ഗുണഭോക്താക്കളെ ലക്ഷ്യമാക്കിയുള്ള പദ്ധതികളെ സംബന്ധിച്ച്, നിശ്ചയിക്കപ്പെട്ട മാനദണ്ഡമനുസരിച്ച് മുൻഗണന ക്രമത്തിൽ, അർഹരായ ഗുണഭോക്താക്കളുടെ ലിസ്റ്റ് അന്തിമമായി തയ്യാറാക്കി ഗ്രാമപഞ്ചായത്തിന് നൽകുക;

(എം)-ഗ്രാമസഭയുടെ പ്രദേശത്തെ സംബന്ധിച്ച് പഞ്ചായത്ത് എടുത്തിട്ടുള്ള ഓരോ തീരുമാനത്തിന്റേയും യുക്തി അറിയുക

(എൻ)-ഗ്രാമസഭയുടെ തീരുമാനങ്ങൾ സംബന്ധിച്ച് എടുത്തിട്ടുള്ള തുടർനടപടികളെക്കുറിച്ചും ഏതെങ്കിലും തീരുമാനം നടപ്പാക്കിയിട്ടില്ലെങ്കിൽ അതിനുള്ള വിശദമായ കാരണങ്ങളെക്കുറിച്ചും അറിയുക.

(പി)-ഗ്രാമസഭയുടെ പ്രദേശത്തെ ശുദ്ധജലവിതരണം, തെരുവ് വിളക്ക് കത്തിക്കൽ എന്നീ സംവിധാനങ്ങളിലെ പോരായ്മകൾ കണ്ടുപിടിക്കുകയും പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്യുക.

വകുപ്പ് (9) ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനായി അപേക്ഷകൾ ക്ഷണിക്കുകയും ലഭിക്കുന്ന അപേക്ഷകളിൻമേൽ അന്വേഷണം നടത്തുകയും ചെയ്ത ശേഷം ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയ ലിസ്റ്റ് അന്തിമമായി തയ്യാറാക്കി ഗ്രാമപഞ്ചായത്തിന്റെ അംഗീകാരത്തിന് അയയ്ക്കേണ്ടതാണ്. ലിസ്റ്റിലെ മുൻഗണന ക്രമത്തിന് ഗ്രാമപഞ്ചായത്ത് മാറ്റം വരുത്താൻ പാടില്ലാത്തതുമാണ്.

മുകളിൽ പ്രതിപാദിച്ചത് ഗ്രാമസഭകളുടെ പ്രധാന അധികാരങ്ങളും ചുമതലകളുമാണ്. ഗ്രാമപഞ്ചായത്തിലെ 22 വാർഡുകളിലെ മിനുട്സുകൾ പരിശോധിച്ചപ്പോൾ കണ്ടെത്തിയ കാര്യങ്ങൾ ചുവടെ കൊടുക്കുന്നു.

1)എല്ലാ വാർഡുകളിലെ ഗ്രാമസഭകളിലും ഏറെക്കുറെ ക്വാറത്തിനടുത്ത ആളുകൾ മാത്രമേ പങ്കെടുത്തിട്ടുള്ളൂ. ബാക്കി 90% വോട്ടർമാരും ഇതിന്റെ ഭാഗവാക്കാവാതെ നിൽക്കുന്നു. 2017-18വർഷം നടന്ന ചുവടെ ചേർത്ത ഗ്രാമ സഭകൾ ആവശ്യമായ ക്വാറം തികയാതെയാണ്ചേർന്നിട്ടുള്ളത്

| ക്രനം | വാർഡ് നമ്പർ | ഗ്രാമസഭാ യോഗം ചേർന്ന തിയതി | ഗ്രാമസഭയിൽ പങ്കെടുത്തവർ | ആവശ്യമായ ക്വാറം |
|---|---|---|---|---|
| 1 | 6 | 29-11-17 | 93 | 118 |
| 2 | 13 | 26-11-17 | 94 | 102 |
| 3 | 07 | 29-11-17 | 145 | 179 |
| 4 | 14 | 27-11-17 | 125 | 143 |
| 5 | 14 | 25-2-18 | 108 | 143 |
| 6 | 15 | 23-4-17 | 119 | 151 |
| 7 | 01 | 24-2-18 | 176 | 182 |

2) ഓരോ വാർഡിന്റേയും പ്രശ്നങ്ങളേയോ പരിഹാരങ്ങളേയോ കുറിച്ച് സമഗ്രമായ ചർച്ചകളോ നിർദ്ദേശങ്ങളോ ഉണ്ടാകുന്നില്ല.

3)ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനായി ചേരുന്ന ഗ്രാമസഭകളിൽ മാത്രമേ ക്വാറത്തിനടുത്ത ആളുകൾ പങ്കെടുക്കുന്നുള്ളൂ. മറ്റു ഗ്രാമസഭകളിലെ ജനകീയ പങ്കാളിത്തം വളരെ കുറവാണ്.

4)എല്ലാ ഗ്രാമസഭകളിലും പൊതുവായ നിർദ്ദേശങ്ങൾ മാത്രമേ വരുന്നുള്ളൂ. പ്രദേശത്തിന്റെ പ്രത്യേകത, അവിടങ്ങളിലെ പ്രധാന പ്രശ്നങ്ങൾ, അത് പരിഹരിക്കാൻ കഴിയുന്ന നിർദ്ദേശങ്ങൾ എന്നിവ വിശദമായി ചർച്ച ചെയ്യുന്നില്ല.

5)ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് സംബന്ധിച്ച് പ്രത്യേക നിർദ്ദേശങ്ങളൊന്നും ഒരു ഗ്രാമസഭയും തയ്യാറാക്കിയിട്ടില്ല.

6)ഗ്രാമസഭയുടെ തീരുമാനങ്ങൾ സംബന്ധിച്ച് എടുത്തിട്ടുള്ള തുടർനടപടികളെക്കുറിച്ചും ഏതെങ്കിലും തീരുമാനം നടപ്പാക്കിയിട്ടില്ലെങ്കിൽ അതിനുള്ള വിശദമായ കാരണങ്ങളെക്കുറിച്ചും അറിയാവുന്നതാണെന്ന് പഞ്ചായത്ത് രാജ് നിയമത്തിൽ പറയുന്നുണ്ടെങ്കിലും ഇത്തരം ചർച്ചകളൊന്നും നടക്കാറില്ല.

7)ഗ്രാമസഭയുടെ പ്രദേശത്തെ ശുദ്ധജലവിതരണം, തെരുവ് വിളക്ക് കത്തിക്കൽ എന്നീ സംവിധാനങ്ങളിലെ പോരായ്മകൾ കണ്ടുപിടിക്കുകയും പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്യേണ്ടതാണെങ്കിലും പല ഗ്രാമസഭകളും ഇത്തരം കാര്യങ്ങൾ ചർച്ച ചെയ്യുന്നില്ല.

8)റോഡുകളെ സംബന്ധിച്ച നിർദ്ദേശങ്ങളാണ് അധിക ഗ്രാമസഭകളിലും ചർച്ച ചെയ്യപ്പെടുന്നത്.

9)വകുപ്പ് 3 പ്രകാരം ഗ്രാമസഭയുടെ പരിഗണനയ്ക്ക് വരുന്ന ഓഡിറ്റ് റിപ്പോർട്ടിനെക്കുറിച്ചോ യോഗത്തിൽ ചർച്ച ചെയ്യേണ്ടതും അതിന്റെ അഭിപ്രായങ്ങളും ശുപാർശകളും നിർദ്ദേശങ്ങളും ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിനെ അറിയിക്കേണ്ടതുമാണ്. എന്നാൽ ഇത്തരം കാര്യങ്ങൾ ഒരു ഗ്രാമസഭകളിലും ചർച്ച ചെയ്യപ്പെടുന്നില്ല.

10) വകുപ്പ് 3എ(1)(ജെ) പ്രകാരം സർക്കാരിൽ നിന്നും ലഭിക്കുന്ന പെൻഷൻ, സബ്സിഡി എന്നിവ പോലുള്ള വിവിധതരം ക്ഷേമസഹായങ്ങൾ ലഭിക്കുന്ന ആളുകളുടെ അർഹത പരിശോധിക്കൽ ഗ്രാമസഭകളുടെ ചുമതലകളാണെങ്കിലും അത്തരത്തിൽ ഒന്നും ചെയ്തതായി കാണുന്നില്ല.

11)വകുപ്പ് 3എ(1)(ഐ) ഗ്രാമപഞ്ചായത്ത് പ്രദേശത്ത് വികസന പ്രവർത്തനങ്ങൾ നടത്തുന്ന ഗുണഭോക്തൃകമ്മിറ്റികളെ നിരീക്ഷിക്കുകയും സഹായിക്കുകയും ചെയ്യേണ്ടതാണെങ്കിലും അത്തരത്തിൽ ചെയ്തതായി കാണുന്നില്ല.

<u>മുകളിൽ വിവരിച്ച അപാകതകൾ പരിഹരിക്കുന്നതിനുള്ള ഓഡിറ്റ് നിർദ്ദേശങ്ങൾ താഴെ വിവരിക്കുന്നു,</u>

1) എല്ലാ തരത്തിലുള്ള ആളുകളേയും ഗ്രാമസഭയിലെത്തിക്കാൻ വേണ്ട ബോധവത്കരണം നടത്തുക. ഗ്രാമസഭയെന്നാൽ കേവലം ജനകീയാസൂത്രണ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനായി ചേരുന്ന യോഗം മാത്രമല്ലെന്നും ആ ഗ്രാമത്തിലെ എല്ലാ തരത്തിലുള്ള ആസൂത്രണങ്ങളുടേയും ഉറവിടം ഗ്രാമസഭയിൽ നിന്നാണെന്ന ബോധം ജനങ്ങളിലെത്തിക്കാനുള്ള നടപടികൾ സ്വീകരിക്കുക.

2)ഗ്രാമസഭയിൽ ക്രിയാത്മകമായ ചർച്ച ഉയർത്തിക്കൊണ്ടുവരേണ്ടതും, ചർച്ച ചെയ്യാനുള്ള സാഹചര്യം സൃഷ്ടിക്കുകയും ചെയ്യുക.

3)ഗ്രാമസഭയിലെ പ്രധാനപ്പെട്ട നിർദ്ദേശങ്ങൾക്ക് ഭരണസമിതി അർഹമായ പ്രാധാന്യം നൽകാറുണ്ട് എന്ന് ജനങ്ങളെ ബോധവത്കരിക്കുക.

4)ഗ്രാമസഭാ നിർദ്ദേശങ്ങളാണ് വർക്കിംഗ് ഗ്രൂപ്പ്, വികസന സെമിനാർ എന്നിവയിലൂടെ ചർച്ച ചെയ്ത് പ്രൊജക്ടുകളായി രൂപപ്പെടേണ്ടത്.

5)ജനങ്ങൾക്ക് പൊതുവേ സൗകര്യപ്രദമായ ദിവസം എല്ലാവർക്കും അറിയിയിപ്പ് നല്കി ഗ്രാമസഭ വിളിച്ച് കൂട്ടുക.

## 3-5 <u>എസ്.എസ്.എ.വിഹിതം നൽകിയത് വിനിയോഗ വിവരം പൂർണ്ണമല്ല.</u>

ഓഡിറ്റ് വർഷം നിർവ്വഹണ ഉദ്യോഗസ്ഥൻ ഹെഡ്മാസ്റ്റർ, പ്രൊ.നം22/18 പ്രാകാരം എസ്.എസ്.എ വിഹിതമിനത്തിൽ 40.73ലക്ഷം രൂപ (പദ്ധതി അടങ്കലിന്റെ 40%) ജില്ലാ പ്രൊജക്ട് ഓഫീസർക്ക് കൈമാറിയിട്ടുണ്ട് (ട്രഷറി ബിൽ.നം.1/30-06-2017). പരിശോധനയ്ക്ക് ലഭ്യമാക്കിയ വിനിയോഗസാക്ഷ്യപത്രം പ്രകാരം ആകെ അടങ്കലായ 101.82 ലക്ഷം രൂപയിൽ 2018 മാർച്ച് വരെയുള്ള ആകെ ചെലവ് 54.51ലക്ഷം രൂപ മാത്രമാണ്. ആകെ ചെലവഴിച്ചത് 54.51 ലക്ഷം രൂപ മാത്രമായതിനാൽ ഇതിന്റെ 40% കണക്കാക്കിയാൽ 21.80 ലക്ഷം രൂപ മാത്രമേ ഗ്രാമ പഞ്ചായത്ത് വിഹിതത്തിൽ നിന്നും 31.3.2018 വരെ വിനിയോഗിക്കപ്പെട്ടിട്ടുള്ളൂ എന്ന് കാണാവുന്നതാണ്. പിന്നീട് 15.5.2018 ന് എസ്.എസ്.എ ജില്ലാ പ്രൊജക്ട് ഓഫീസർ നല്കിയ വിനിയോഗ സാക്ഷ്യപത്രത്തിൽ ഗ്രാമ പഞ്ചായത്ത് വിഹിതം മുഴുവൻ ചെലവഴിച്ചതായി സൂചിപ്പിക്കുന്നുണ്ടെങ്കിലും ഇനം തിരിച്ചുള്ള ചെലവ് വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. ഇക്കാര്യം എസ്.എസ്.എ അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തി ഗ്രാമ പഞ്ചായത്ത് വിഹിതമിനത്തിൽ നല്കിയ തുകയുടെ ഇനം തിരിച്ചുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുവാൻ ആവശ്യപ്പെടേണ്ടതും ഗ്രാമ പഞ്ചായത്ത് വിഹിതമിനത്തിൽ നല്കിയതുകയിൽ ചെലവഴിക്കുവാൻ അവശേഷിക്കുന്ന തുകയുണ്ടെങ്കിൽ ആയത് കണക്കാക്കി അടുത്ത വർഷത്തെ പദ്ധതിയിൽ ഗ്രാമ പഞ്ചായത്ത് വിഹിതമിനത്തിൽ വകയിരുത്തുവാനോ, അല്ലെങ്കിൽ തിരികെ ഗ്രാമ പഞ്ചായത്തിന് ലഭ്യമാക്കുവാനോ ഉള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-6 <u>വിവിധ പദ്ധതികൾക്കായി തുക കൈമാറിയത് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.</u>

ചുവടെ ചേർത്തപ്രകാരം വിവിധ പദ്ധതികൾ നടപ്പിലാക്കുവാനായി വിവിധ സ്ഥാപനങ്ങൾക്ക് തുക

കൈമാറിയിട്ടുണ്ട് . പദ്ധതി ലക്ഷ്യമിട്ടിരുന്ന പ്രകാരം പൂർത്തീകരിച്ചത് സംബന്ധിച്ച വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

| നിർവ്വഹണ ഏജൻസി | പ്രൊജക്ടിന്റെ പേര് | വൗച്ചർ നം /ബിൽ .നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കുവാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിലേക്ക് പൈപ്പ് ലൈൻ നീട്ടൽ (പ്രൊജക്റ്റ്നം.110/18) | ബിൽ .നം. 027728/ 28.02.2018 | 13,75,000 | 0 | 13,75,000 |
| കേരള സംസ്ഥാന വൈദ്യുതി ബോർഡ് | പ്രൊജക്റ്റ്.നം. 212/18 ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | Bill.No.6448/ 28.09.2017 | 1,39,879 | 0 | 1,39,879 |
| | | Bill.No.6442/ 28.09.2017 | 63,300 | 0 | 63,300 |
| | | Bill.No.9319/ 14.07.2017 | 36,700 | 0 | 36,700 |
| | | Ch.No.25461/ 28.02.2018 | 45,582 | 0 | 45,582 |
| | | Ch.No.25499/ 03.03.2018 | 16,768 | 0 | 16,768 |

## 3-7 മത്സ്യബന്ധന മേഖല- പദ്ധതി ആസൂത്രണം ഫലപ്രദമല്ല.

ഗ്രാമ പഞ്ചായത്തിലെ 1, 16, 22 എന്നീ വാർഡ് പൂർണ്ണമായും 18ാം വാർഡ് ഭാഗികമായും തീരപ്രദേശത്താണ് സ്ഥിതിചെയ്യുന്നത്. ഈ പ്രദേശങ്ങളിലുള്ള ഏകദേശം നൂറോളം പേർ മത്സ്യ ബന്ധന മേഖലയിൽ ജോലി ചെയ്തുവരുന്നു. 2017-2018 സാമ്പത്തിക വർഷത്തിൽ മത്സ്യ ബന്ധന മേഖലയിൽ ഗ്രാമപഞ്ചായത്ത് 1,50,000 രൂപ അടങ്കലുള്ള "മത്സ്യ തൊഴിലാളികളുടെ മക്കളായ വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വിതരണം" എന്ന പദ്ധതി ആവിഷ്കരിച്ചിരുന്നെങ്കിലും തൻവർഷം പദ്ധതി നടപ്പാക്കിയട്ടില്ല.

മത്സ്യതൊഴിലാളികളുടെ ഉന്നമനത്തിനായി ഗ്രാമപഞ്ചായത്ത് കാര്യമായ പദ്ധതികളൊന്നും ഏറ്റെടുത്തു നടപ്പാക്കിയിട്ടില്ല. ഇക്കാര്യം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.1994 ലെകേരള പഞ്ചായത്ത് രാജ് നിയമതത്തിലെ 166(1)-ാം വകുപ്പ് പ്രകാരം മത്സ്യവിപണനത്തിനുള്ള സഹായം നൽകുക, മത്സ്യതൊഴിലാളി കുടുംബങ്ങൾക്ക് അടിസ്ഥാന സേവനങ്ങൾ നൽകുക, മത്സ്യതൊഴിലാളി ക്ഷേമപദ്ധതികൾ നടപ്പാക്കുക, മീൻ പിടുത്തത്തിനുള്ള ഉപകരണങ്ങൾ നൽകുക, മത്സ്യകുഞ്ഞുങ്ങളുടെ ഉൽപ്പാദനവും വിതരണവും വികസിപ്പിക്കുക തുടങ്ങിയവയെല്ലാം ഗ്രാമ പഞ്ചായത്തുകളുടെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളിൽപ്പെട്ടതാണ്. സാമൂഹികമായും സാമ്പത്തികമായും പിന്നൊക്കം ന്ൽക്കുന്ന മത്സ്യതൊഴിലാളികളുടെ ഉന്നമനത്തിനായി ഗ്രാമ പഞ്ചായത്ത് പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണ്. മത്സ്യതൊഴിലാളികൾക്ക് മെച്ചപ്പെട്ട ആവാസവ്യവസ്ഥ, തൊഴിൽ സാഹചര്യം, വിദ്യാഭ്യാസം എന്നിവ സാധ്യമാക്കി ആ വിഭാഗത്തിന്റെ സാമൂഹികമായും സാമ്പത്തികമായുമുള്ള പിന്നൊക്കാവസ്ഥ പരിഹരിക്കുക എന്നത് പഞ്ചായത്തിന്റെ വികസനസമീപനമായിരിക്കണം. ആയതിനായി ഈ മേഖലയുമായി ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥൻ, വർക്കിംഗ് ഗ്രൂപ്പ്,

ജനപ്രധിനിധികൾ എന്നിവരുടെ കൂട്ടായ പ്രവർത്തനത്തിലൂടെ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണ്.

## 3-8 പഠന മുറി നിർമ്മാണം പൂർത്തീകരിക്കുവാൻ അവശേഷിക്കുന്നു.

2017-18 വർഷം നിർവ്വഹണ ഉദ്യോഗസ്ഥൻ വി.ഇ.ഒ നടപ്പാക്കിയ പഠനമുറി നിർമ്മാണം (പട്ടികജാതി വിഭാഗം (പ്രൊ.നം.191/18) ) പദ്ധതി പ്രകാരം ആദ്യ ഗഡുകൈപ്പറ്റിയ ചുവടെ ചേർത്ത ഗുണഭോക്താക്കൾ നാളിതുവരെ നിർമ്മാണം പൂർത്തീകരിച്ച് അന്തിമ മൂല്യനിർണ്ണയസാക്ഷ്യപത്രം സമർപ്പിച്ചിട്ടില്ല. പഠനമുറി നിർമ്മാണം എത്രയുംവേഗം പൂർത്തീകരിച്ച് മൂല്യനിർണ്ണയസാക്ഷ്യപത്രം, മോണിറ്ററിങ്ങ് സമിതി സാക്ഷ്യപത്രം എന്നിവ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്

| ക്രമ നം | പ്രൊജക്ട് നമ്പർ | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | ട്രഷറി ബിൽ നമ്പർ |
|---|---|---|---|---|
| 1 | പ്രൊ.നം.191/18 | ബാലകൃഷ്ണൻ അരവത്ത് | 50,000/- | 8/16-01-2018 |
| 2 | പ്രൊ.നം.191/18 | കുമാരി മൗവ്വൽ | 50,000/- | 17/16-03-2018 |

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 9,77,500 | നെൽകൃഷിക്ക് കൂലിചെലവ് (പ്രൊ. നം10/18) | 9,65,328 | 12,172 |
| | 2017-18 | 2,00,000 | മാലിന്യ സംസ്കരണം സംസ്കരണ സ്ഥലത്തേക്ക് കൊണ്ട് പോകൽ (പ്രൊ. നം202/18) | 2,00,000 | 0 |
| | 2017-18 | 5,00,000 | 107/17-18 പാലിന് സബ്ബ് സിഡി (പ്രൊ. നം107/18) | 5,00,000 | 0 |
| | 2017-18 | 50,000 | പാലിയേറ്റീവ് പരിചരണം (പ്രൊ. നം30/18) | 50,000 | 0 |
| | 2017-18 | 70,000 | പച്ചക്കറി കൃഷി വ്യാപനം (പ്രൊ. നം 99/18) | 70,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 2,22,000 | പാലിന് സബ്ബ് സിഡി (പ്രൊ. നം107/18) | 1,65,041 | 56,959 |
| | 2017-18 | 1,00,000 | പാലിയേറ്റീവ് പരിചരണം (പ്രൊ. നം30/18) | 1,00,000 | 0 |

വിനിയോഗിക്കുവാൻ അവശേഷിച്ച തുകകൾ 2018-19വർഷം ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് തിരികെ നല്കിയിട്ടുണ്ട്

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രൊജക്ടിന്റെ പേര് | വൗച്ചർ നം /ബിൽ .നം | മുൻകൂർ നൽകിയ തുക | ചെല വഴിച്ച തുക | ചെലവ ഴിക്കുവാൻ അവശേഷി ക്കുന്ന തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിലേക്ക് പൈപ്പ് ലൈൻ നീട്ടൽ (പ്രൊജക്ട്നം.110/18) | ബിൽ .നം.027728/ 28.02.2018 | 13,75,000 | 0 | 13,75,000 |
| കേരള സംസ്ഥാന വൈദ്യുതി ബോർഡ് | പ്രൊജക്ട്.നം. 212/18 ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | Bill.No.6448/ 28.09.2017 | 1,39,879 | 0 | 1,39,879 |
| | | Bill.No.6442/ 28.09.2017 | 63,300 | 0 | 63,300 |
| | | Bill.No.9319/ 14.07.2017 | 36,700 | 0 | 36,700 |
| | | Ch.No.25461/ 28.02.2018 | 45,582 | 0 | 45,582 |
| | | Ch.No.25499/ 03.03.2018 | 16,768 | 0 | 16,768 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്

ഇല്ല.

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം ലഭ്യമായ വായ്പ തുകയുടേയും, വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെപേര് -ഉദ്ദേശ്യം | EMS ഭവന പദ്ധതി -പുതിയത് |
|---|---|
| സർക്കാർ അനുമതി ഉത്തരവ് നമ്പറും , അനുമതി നല്കിയ തുകയും | Go(ms)NO:83/13/lsgd . തി. 11/03/2013, 1,50,00,000/- |
| 31.03.2017വരെ ആകെ ലഭ്യമായ വായ്പതുക | 1,45,00,000/- |
| 2017-18വർഷം ലഭ്യമായ വായ്പ തുക | 2,80,000/- |

| | |
|---|---|
| 31-03-2018 വരെ ആകെ ലഭ്യമായ വായ്പ തുക | 1,47,80,000/- |
| | |
| വർഷാരംഭത്തിൽ (01-04-2017) തിരിച്ചടയ്ക്കുവാൻ അവശേഷിച്ചിരുന്ന വായ്പതുക | 1,30,00,000/- |
| + തൻവർഷം ലഭിച്ച വായ്പ തുക | 2,80,000/- |
| ആകെ | 1,32,80,000/- |
| 2017-18 വർഷം തിരിച്ചടച്ച വായ്പ തുക (മുതൽ) | 15,00,000/- |
| വർഷാവസാനം (31.03.2018) തിരിച്ചടയ്ക്കുവാൻ അവശേഷിക്കുന്ന വായ്പ തുക (മുതൽ) | 1,17,80,000/- |
| 2017-18 വർഷം തിരിച്ചടച്ച പലിശ | 15,00,000/- |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ വാർഷിക ധനകാര്യ പത്രിക പ്രകാരം31,747 രൂപ വരവുണ്ട്. പ്രസ്തുത തുക ഓഡിറ്റ് റിപ്പോർട്ടുകളിലെ പരാമർശ പ്രകാരം ഒടുക്കിയതുകയല്ല. പള്ളിക്കര ഗ്രാമ പഞ്ചായത്തിലെ മുൻ സെക്രട്ടറി ശ്രീ.ബി . വിജയഭാനുവിന്റെ ശമ്പള നിർണ്ണയത്തിൽ സംഭവിച്ച അപാകത സംബന്ധിച്ച് കാസറഗോഡ് ജില്ലാഓഡിറ്റ് കാര്യാലയത്തിൽ നിന്നും 10-08-2017 ലെ കെ.എസ്.എ.കെ.എസ്.ഡി2/659/17 നമ്പർ കത്ത് പ്രകാരം അറിയിച്ചതിനെ തുടർന്ന് ഒടുക്കിയതാണ് (ഭാഗികമായി) പ്രസ്തുത തുക .

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഗ്രാമ പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2013-14 പ്രവർത്തനാവലോകന റിപ്പോർട്ട് | - | 2014-15 | 4-1-4 | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ നിഷ്ക്രിയാസ്ഥികൾ (ഖരമാലിന്യ സംസ്കരണ പ്ലാന്റ് & ലോറി ) | തടസ്സം തീർപ്പാക്കിയിട്ടില്ല. |
| 2014-15 | 2-3 | 2016-17 | 2 (അനുബന്ധം 4 ) | തൊഴിൽ നികുതി | തടസ്സം തുടരുന്നു |
| 1998-99 | 41 | 2007-08 | 41 | വെറ്ററിനറി സർജ്ജൻ നടപ്പാക്കിയ പദ്ധതി | ,, |

## 4-8 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല.

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 2013-14 | 3-2 | ബി. വിജയഭാനു (സെക്രട്ടറി) | LF.9208/ spl.cell/ CSC/C2/16 Dt.24.7.17 | 8000 | - | - | - | - | - | 8000 | തുകകൾ ഇദ്ദേഹത്തിന്റെ ഡി.സി.ആർ.ജി യിൽ നിന്നും ഈടാക്കുവാൻ കാസറഗോഡ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ 12.6.18 ന് ഉത്തരവായിട്ടുണ്ട് |
| 2 | 2013-14 | 3-3 | ബി. വിജയഭാനു (സെക്രട്ടറി) | LF.9208/ spl.cell/ CSC/C2/16 Dt.24.7.17 | 16000 | - | - | - | - | - | 16000 | -ടി- |
| 3 | 2013-14 | 3-4 | ബി. വിജയഭാനു (സെക്രട്ടറി) | LF.9208/ spl.cell/ CSC/C2/16 Dt.24.7.17 | 8200 | - | - | - | - | - | 8200 | -ടി- |
| 4 | 2007-08 | 3-3 | കെ.സുരേന്ദ്രൻ (സെക്രട്ടറി) | LF.24759/ spl.cell/ CSC/C2/12 Dt 31.03.2015 | 12094 | | | | | | 12094 | |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹ 8,73,28,444 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹ 10,78,36,674 |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല. |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല. |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല. |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| ഇല്ല | ഇല്ല | ഇല്ല | ഇല്ല |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| ഇല്ല | ഇല്ല | ഇല്ല |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഇല്ല | ഇല്ല | ഇല്ല |

## 4-10 <u>തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ</u>

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെഎണ്ണം |
|---|---|---|
| 1974-75 | എൽ.എഫ്.കെ.എസ്.ഡി.5/539/03(7) തിയ്യതി.14.08.03 | 1 |
| 1980-81 | എൽ.എഫ്.കെ.എസ്.ഡി.5/539/03(9) തിയ്യതി.16.08.03 | 3 |
| 1981-82 | എൽ.എഫ്.കെ.എസ്.ഡി.8/1958/86, തിയ്യതി.30.03.03 | 2 |

| | | |
|---|---|---|
| 1983-84 | എൽ.എഫ്.കെഎസ്.ഡി.5/539/03(10) തിയ്യതി.16.08.03 | 5 |
| 1985-86 | എൽ.എഫ്.കെഎസ്.ഡി.5/539/03(12) തിയ്യതി.16.08.03 | 6 |
| 1987-88 1988-89 | എൽ.എഫ്.കെഎസ്.ഡി.5/539/03(13) തിയ്യതി.16.08.03 | 4 |
| 1989-90 1990-91 | എൽ.എഫ്.കെഎസ്.ഡി.5/539/03(14) തിയ്യതി.16.08.03 | 3 |
| 1991-92to 1994-95 | എൽ.എഫ്.കെ.എസ്.ഡി.5/211/00, തിയ്യതി.26.02.03 | 7 |
| 1995-96 | എൽ.എഫ്.കെ.എസ്.ഡി.5/691/00, തിയ്യതി.26.02.03 | 10 |
| 1996-97 | എൽ.എഫ്.കെഎസ്.ഡി.5/539/03(15) തിയ്യതി.16.08.03 | 3 |
| 1997-98 | എൽ.എഫ്.കെഎസ്.ഡി.5/539/03(16) തിയ്യതി.16.08.03 | 7 |
| 1998-99 | എൽ.എഫ്.കെഎസ്.ഡി.5/539/03(17) തിയ്യതി.16.08.03 | 9 |
| 1999-00 | എൽ.എഫ്.കെ.എസ്.ഡി.5/75/01, തിയ്യതി.09.01.01 | 15 |
| 2000-01 | എൽ.എഫ്.കെ.എസ്.ഡി.5/599/01, തിയ്യതി.25.03.03 | 18 |
| 2001-02 (plan) | എൽ.എഫ്.കെ.എസ്.ഡി.4/759/03, തിയ്യതി.15.11.04 | 4 |
| 2001-02 (final) | എൽ.എഫ്.കെ.എസ്.ഡി.4/129/05, തിയ്യതി.05.06.07 | 6 |
| 2002-03 | എൽ.എഫ്.കെ.എസ്.ഡി.3/20/07, തിയ്യതി.30.05.09 | 26 |
| 2003-04 | എൽ.എഫ്.കെ.എസ്.ഡി.4/111/08, തിയ്യതി.02.12.10 | 7 |
| 2004-05 | എൽ.എഫ്.കെ.എസ്.ഡി.6/599/11, തിയ്യതി.18.08.11 | 6 |
| 2005-06 | എൽ.എഫ്.കെ.എസ്.ഡി.3/113/08, തിയ്യതി.12.12.08 | 13 |
| 2006-07 | എൽ.എഫ്.കെ.എസ്.ഡി.3/803/08,തിയ്യതി.22.8.09 /14.03.11 | 6 |
| 2007-08 | എൽ.എഫ്.കെ.എസ്.ഡി.3/326/10, തിയ്യതി.23.12.10/03.05.11 | 8 |

| | | |
|---|---|---|
| 2008-09 | എൽ.എഫ്.കെ.എസ്.ഡി.3/327/10, തിയ്യതി.03.05.11 | 11 |
| 2009-10<br>2010-11 | എൽ.എഫ്.കെ.എസ്.ഡി.3/327/10, തിയ്യതി.23.04.13 | 13 |
| 2011-12<br>2012-13 | എൽ.എഫ്.കെ.എസ്.ഡി.9/1048/14, തിയ്യതി.06.05.15 | 10 |
| 2013-14 | എൽ.എഫ്.കെ.എസ്.ഡി.9/867/15, തിയ്യതി.11.11.15 | 18 |
| 2014-15 | എൽ.എഫ്.കെ.എസ്.ഡി.8/720/16, തിയ്യതി.18.07.16 | 22 |
| 2015-16 | കെ.എസ്.എ-കെ.എസ്.ഡി /8/1234/ 2016തീയതി. 13-12-2016 | 18 |
| 2015-16 | കെ.എസ്.എ-കെ.എസ്.ഡി /8 /803/ 2017തീയതി. 17-07-2017 | 28 |

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്

ഡെപ്യൂട്ടി ഡയറക്ടർ,

സംസ്ഥാന ഓഡിറ്റ് വകുപ്പ്.
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

## അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്-4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(6) [1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം- വകുപ്പ്295(6)] 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 [2007 ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 60] എന്നിവ അനുസരിച്ചും പഞ്ചായത്ത്/ നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ.) 1413/2018/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും പള്ളിക്കര ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഈ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 1-(3) ൽ ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

തീയ്യതി: 10-00-2018.

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

## അനുബന്ധം-2

# റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

| Pallikkara Grama Panchayat RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2017 to 31-March-2018 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 29089717.00 |
| Cash | Cash | RP-40(a) | 59661.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1473814.00 |
| 130000000 | Rental income from Panchayat Properties | RP-3 | 25000.00 |
| 140000000 | Fees & User Charges | RP-4 | 757275.00 |
| 150000000 | Sale & Hire Charges | RP-5 | 92137.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 67438675.00 |
| 171000000 | Interest Earned | RP-9 | 198519.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 5941528.00 |
| 350000000 | Other Liabilities | RP-36 | 53577.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 37153.00 |
| 311000000 | Earmarked Funds | RP-29 | 932.00 |
| 330000000 | Secured Loans | RP-32 | 280000.00 |

| | | | |
|---|---|---|---|
| 340000000 | Deposits Received | RP-34 | 39289.00 |
| 350000000 | Other Liabilities | RP-36 | 577763.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 9775049.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | RP-44 | 0.0 |
| 460000000 | Loans, Advances and Deposits | RP-47 | 637733.00 |
| | Grand total | | 116477822.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 4999002.00 |
| 220000000 | Administrative Expenses | RP-12 | 1004024.00 |
| 230000000 | Operations & Maintenance | RP-13 | 2224749.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 9001031.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 23263581.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 1601282.00 |
| 253000000 | Decentralised Plan Programme- Projects not included in | RP-18 | 979289.00 |

| | | | |
|---|---|---|---|
| | Sector Division | | |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 1497640.00 |
| 255000000 | Maintenance Projects | RP-20 | 12787185.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 203310.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 52500.00 |

| | | | |
|---|---|---|---|
| 280000000 | Prior Period item | RP-26 | -21750.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 0.0 |
| 350000000 | Other Liabilities | RP-36 | 5832533.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 15706.00 |
| 280000000 | Prior Period Item | RP-26 | -2500.00 |
| 311000000 | Earmarked Funds | RP-29 | 30000.00 |
| 340000000 | Deposits Received | RP-34 | 6000.00 |
| 350000000 | Other Liabilities | RP-36 | 1368208.00 |
| 410000000 | Fixed Assets | RP-38 | 5024764.00 |
| 412000000 | Capital work in Progress | RP-40 | 10585868.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 26212338.00 |
| 460000000 | Loans, Advances and Deposits | RP-47 | 1171914.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 8467609.00 |
| Cash | Cash | RP-40(b) | 173539.00 |
| | Grand Total | | 116477822.00 |

## അനുബന്ധം-3

## ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

| | | | |
|---|---|---|---|
| Pallikkara Grama Panchayat INCOME & EXPENDITURE STATEMENT | | | |
| For the period from 01-April-2017 to 31-March-2018 | | | |
| Code.No | Description of Items | Schedule | Amount |

| | | | |
|---|---|---|---|
| | | No | |
| | INCOME | | |
| 110000000 | Tax Revenue | I-1 | 8811593.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 226000.00 |
| 140000000 | Fee & User Charges | I-4(b) | 935400.00 |
| 150000000 | Sale & Hire Charges | I-5(b) | 92137.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 142212697.00 |
| 171000000 | Interest Earned | I-8 | 198519.00 |
| 180000000 | Other Income | I-9 | 37153.00 |
| | Total Income | | 152513499.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 12250226.00 |
| 220000000 | Administrative Expenses | I-11(b) | 1004024.00 |
| 230000000 | Operations & Maintenance | I-12(b) | 2224749.00 |
| 240000000 | Interest & Finance Charges | I-13 | 15706.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 13088027.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 36131253.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 2144003.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 981004.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 67514009.00 |
| 255000000 | Maintenance Projects | I-14(e) | 12390935.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 203310.00 |

| | | | |
|---|---|---|---|
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 52500.00 |
| 272000000 | Depreciation | I-17(a) | 6801663.00 |
| | Total Expenditure | | 154801409.00 |
| | Gross Surplus/ Deficit of income over Expenditure | | -2287910.00 |
| 280000000 | Prior Period Item | I-18 | -1604869.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | -683041.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

## അനുബന്ധം-4

## ബാലൻസ് ഷീറ്റ്

| Pallikkara Grama Panchayat BALANCE SHEET | | | |
|---|---|---|---|
| For the period from 01-April-2017 to 31-March-2018 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 4769027.99 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 5830.00 |
| 312000000 | Reserves | B-3 | 72020998.00 |
| | Total Reserve & Surplus | | 76795855.99 |

| | | | |
|---|---|---|---|
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 7016820.00 |
| | Total Grants, Contributions for Specific Purposes | | 7016820.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 13280000.00 |
| | Total Loans | | 13280000.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 401695.00 |
| 341000000 | Deposits Works | B-8 | 1000.00 |
| 350000000 | Other Liabilities | B-9 | 1760452.67 |
| | Total Current Liabilities and Provisions | | 2163147.67 |
| | TOTAL LIABILITIES | | 99255823.66 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 75565927.00 |
| 411000000 | Accumulated Depreciation | B-11 | -19936721.00 |
| 412000000 | Capital Work in Progress | B-11(a) | 396250.00 |
| | Total Fixed Assets | | 56025456.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 1825.00 |
| 431000000 | Sundry Debtors (Receivables) | B-15 | 28661224.66 |

| | | | |
|---|---|---|---|
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 8641148.00 |
| 460000000 | Loand, Advances and Deposits | B-18 | 5926170.00 |
| | Total Current Assets, Loans and Advances | | 43230367.66 |
| | Total Current Assets, Loans and Advances | | 0.0 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | | 99255823.66 |